

സിയെനായിലെ കത്രീന
ടച്ച് മീ
TOUCH ME
ഏപ്രിൽ 2026


16th
DEATH
ANNIVERSARY
22-04-2026
Rocky John
Thalakkoottur House
Near Royal Hospital
Kunnamkulam
SORROWING FAMILY



# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ


പുസ്തകം : 18 | 2026 ഏപ്രിൽ | ലക്കം : 8

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747


## എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു** -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി** -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്** -7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.**-6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.**-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വഴിവിളക്ക് | 8 |
| വിശ്വാസപരിശീലനം | 9 |
| ജൂനിയർ സി.എൽ.സി. | 10 |
| സഭാവാർത്തകൾ | 11 |
| സ്ത്രീശാക്തീകരണം | 13 |
| കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം | 15 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഇങ്ങനെ ഒരാൾ നമ്മുടെ ..... | 17 |
| സന്ധിവാതം | 20 |
| മിഴിവിളക്ക് | 22 |
| Blood of the Lamb | 23 |
| സംഘടനാ വാർത്തകൾ | 25 |
| ഇടവക ആൽബം | 27 |
| നിറംകൊടുക്കാമോ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

വിശുദ്ധവാരം ക്രിസ്ത്യൻ വിശ്വാസികൾക്ക് പുണ്യമാണ്. യേശുവിന്റെ പീഢാനുഭവവും പുനരുത്ഥാനവും ഓർമ്മിപ്പിക്കുന്ന ഈ ദിവസങ്ങൾ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പ്രതീകമാണ്.

* **ദുഃഖവെള്ളി** : യേശുവിന്റെ പീഢാനുഭവം
* **ഈസ്റ്റർ** : യേശുവിന്റെ പുനരുത്ഥാനം

**വിശുദ്ധ വാരത്തിന്റെ പ്രാധാന്യം**

* സ്നേഹത്തിന്റെ വിജയം
* ത്യാഗത്തിന്റെ മൂല്യം
* പുതിയ ജീവിതത്തിന്റെ പ്രതീക്ഷ

**വിശുദ്ധവാര ആചാരങ്ങൾ**

* പ്രാർത്ഥന
* ദാനധർമ്മം
* കൂട്ടായ്മ
* ഉപവാസം

**വിശുദ്ധവാര സന്ദേശം**

* മറ്റുള്ളവരെ സ്നേഹിക്കുക
* ത്യാഗം ചെയ്യാൻ തയ്യാറാകുക
* പുതിയ ജീവിതത്തിലേക്ക് നീങ്ങുക

**വിശുദ്ധവാര പ്രതിഫലനം :**

* നമ്മുടെ ജീവിതത്തിൽ സ്നേഹം വർദ്ധിപ്പിക്കുക
* മറ്റുള്ളവരുടെ ത്യാഗങ്ങൾ ഓർമ്മിക്കുക.
* പുതിയ ജീവിതത്തിലേക്ക് നീങ്ങാൻ ശ്രമിക്കുക.

സ്നേഹമുള്ളവരേ, വിശുദ്ധവാരം നമുക്ക് സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പുതിയ ജീവിതത്തിന്റേയും സന്ദേശം നൽകുന്നു. യേശുവിന്റെ പീഢാനുഭവവും പുനരുത്ഥാനവും ഓർമ്മിപ്പിക്കുന്ന ഈ ദിവസങ്ങൾ നമ്മെ പുതിയ ജീവിതത്തിലേക്ക് നയിക്കുന്നു.

നമുക്ക് സ്നേഹിക്കാം, ത്യാഗം ചെയ്യാം, പുതിയ ജീവിതത്തിലേക്ക് നീങ്ങാം. എല്ലാവർക്കും ഹൃദയപൂർവ്വം ഈസ്റ്റർ ആശംസകൾ!

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

ഒരു ധനിക കുടുംബം പിക്നിക്കിന് എത്തിയതാണ്. സമൃദ്ധമായി ഭക്ഷണം കഴിച്ച ശേഷം വന്ന ഒരു ചപ്പാത്തി - ഒരേയൊരു ചപ്പാത്തി ദൂരേയ്ക്കു വലിച്ചെറിഞ്ഞു. ദൂരെ ഒരു മരത്തിനു താഴെ ഒരു തെരുവ് നായയും തെരുവ് ബാലനും കാത്തു നിൽക്കുന്നുണ്ടായിരുന്നു. ആദ്യമോടിയെത്തിയതും ചപ്പാത്തി കിട്ടിയതും കുട്ടിക്കായിരുന്നു. പിന്നീട് എത്തിയ നായ വിവശനായി അവന്റെ മുഖത്തേക്കു നോക്കി. അവൻ ആ ചപ്പാത്തി രണ്ടായി വലിച്ചുകീറി ഒരു പാതി നായയുടെ വായിൽ വച്ചു കൊടുത്തു,

**മനഃപാഠമാക്കാൻ**

"നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കു നൽകുന്ന ദേശത്തെ പട്ടണങ്ങളിൽ ഏതെങ്കിലും ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവന് സഹായം നിരസിക്കുകയോ ചെയ്യരുത്"

(നിയമാ. 15:7)

"ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ"

(എഫേ. 4:32)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

## ഏപ്രിൽ 7 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

06.30 am : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

## ഏപ്രിൽ 10 വെള്ളി : രണ്ടാം വെള്ളിയാചരണം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ്)

06.00 pm : പരി. കുർബ്ബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന

06.15 pm : വി. കുർബാന & നേർച്ചവിതരണം

## ഏപ്രിൽ 11 ശനി : സുറിയാനി ഭാഷ പ്രാർത്ഥന പഠനം & കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

03.00 pm : ഇടവകയിലെ എല്ലാ കുട്ടികൾക്കും യുവതി യുവാക്കൾക്കും സുറിയാനി ഭാഷ പ്രാർത്ഥന പഠനം
(നേതൃത്വം : സമുദായ ശാക്തീകരണ വർഷ കമ്മിറ്റി)

(**NB** : ഏപ്രിൽ മാസത്തിൽ 11, 18, 25, മെയ് 2 എന്നീ തിയ്യതികളിലെ ശനിയാഴ്ചകളിൽ ഉച്ചതിരിഞ്ഞ് 3 മുതൽ 5 വരെ സുറിയാനി ഭാഷ പ്രാർത്ഥന പഠന ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.)

06.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

## ഏപ്രിൽ 12 ഞായർ : കരുണയുടെ തിരുനാൾ, പുതുഞായർ & സുറിയാനി ഭാഷ പ്രാർത്ഥനപഠനം

06.00 am : പുതുഞായർ കുർബാന

09.00 am : കരുണയുടെ തിരുനാൾ കുർബാന, തിരുനാൾ സന്ദേശം, കാരുണ്യ സ്നേഹ സമർപ്പണം, സമ്മാനവിതരണം, തിരുനാൾ പ്രദക്ഷിണം & നേർച്ച പായസ വിതരണം. (നേതൃത്വം : കെ.സി.വൈ.എം.)

10.30 am : ആഹ്ലാദപ്രകടനം (നേതൃത്വം : യൂത്ത് സി.എൽ.സി.)

03.00 pm : ഇടവകയിലെ മുതിർന്നവർക്കുള്ള (25 വയസ്സിന് മുകളിലുള്ള) സുറിയാനി ഭാഷ പ്രാർത്ഥന പഠനം
(നേതൃത്വം : സമുദായ ശാക്തീകരണ വർഷ കമ്മിറ്റി)

(**NB** : ഏപ്രിൽ മാസത്തിൽ 12, 19, 26, മെയ് 3 എന്നീ തിയ്യതികളിലെ ഞായറാഴ്ചകളിൽ ഉച്ചതിരിഞ്ഞ് 3 മണി മുതൽ 5 മണി വരെ സുറിയാനി ഭാഷ പ്രാർത്ഥന പഠന ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

**ഏപ്രിൽ 16, 17, 18 (വ്യാഴം, വെള്ളി, ശനി) ദൈവദർശൻ ക്യാമ്പ് 2026**

09.00 am to 04.00 pm   വിശ്വാസപരിശീലനം നേടുന്ന വിദ്യാർത്ഥികൾക്കുള്ള ദൈവദർശൻ ക്യാമ്പ് 2026
(ദൈവദർശൻ ക്യാമ്പിന്റെ മൂന്നു ദിനങ്ങളിലും ഉച്ചഭക്ഷണം ഇവിടെനിന്നും നൽകുന്നതാണ്)

**ഏപ്രിൽ 17 വെള്ളി : മൂന്നാം വെള്ളിയാചരണം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : പരി. കുർബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന
06.15 pm : വി. കുർബാന & നേർച്ചവിതരണം

**ഏപ്രിൽ 19 ഞായർ : ലഹരി വിരുദ്ധ ജാഗ്രതാസദസ്സ്**

06.00 am : വി. കുർബാന
09.00 pm : വി. കുർബാന
10.30 pm : ലഹരി വിരുദ്ധ ജാഗ്രത സദസ്സ് (നേതൃത്വം : അൾത്താര സംഘം)

**ഏപ്രിൽ 23 വ്യാഴം : വി. ഗീവർഗ്ഗീസിന്റെ തിരുനാൾ**

06.30 am : തിരുനാൾ കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം

**ഏപ്രിൽ 24 വെള്ളി : നാലാം വെള്ളിയാചരണം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : പരി. കുർബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന
06.15 pm : വി. കുർബാന & നേർച്ച വിതരണം

**ഏപ്രിൽ 26 ഞായർ : ഏയ്ഞ്ചൽസ് ഡേ & മാതാപിതാക്കൾക്കുള്ള ക്ലാസ്സ്, കുമ്പസാരം & ഷൂട്ടൗട്ട് ടൂർണ്ണമെന്റ്**

06.00 am : വി. കുർബാന
09.00 am : വി. കുർബാന
10.30 pm : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം

05.00 pm : ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമുള്ള ക്ലാസ്സ് & മാതാപിതാക്കൾക്കുള്ള കുമ്പസാരം.

06.30 pm : കെ.എൽ.എം. ദിനത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായുള്ള ഫുട്ബോൾ ഷൂട്ടൗട്ട് ടൂർണ്ണമെന്റ്
(നേതൃത്വം : കെ.എൽ.എം.)

**മെയ് 1 വെള്ളി : അഞ്ചാം വെള്ളിയാചരണം & വണക്കമാസ ആരംഭം & ജോസഫ് നാമധാരികൾക്ക് ആദരം & തൊഴിലാളികൾക്ക് ആദരം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

08.00 am : ജോസഫ് നാമധാരികൾക്ക് ആദരം
(നേതൃത്വം : തിരുബാലസഖ്യം)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം
(നേതൃത്വം : പ്രാർത്ഥന ഗ്രൂപ്പ്)

06.00 pm : പരി. കുർബാന വാഴ്വ്, ലദ്ദീഞ്ഞ്, നൊവേന

06.15 pm : വി. കുർബാന, മാതാവിന്റെ വണക്കമാസ ആരംഭം & നേർച്ച വിതരണം.

07.00 pm : തൊഴിലാളികൾക്കുള്ള പ്രാർത്ഥന അഭിഷേക ശുശ്രൂഷ & തൊഴിലാളികൾക്ക് ആദരം
(നേതൃത്വം : കെ.എൽ.എം.)

**മെയ് 2 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

06.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

**മെയ് 3 ഞായർ : കെ.എൽ.എം. ദിനം, കുടുംബസംഗമം & ആഘോഷമായ കുർബാന സ്വീകരണം**

06.00 am : കെ.എൽ.എം. അംഗങ്ങളുടെ കാഴ്ച സമർപ്പണം, കൃതജ്ഞതാബലി, സന്ദേശം, പതാകവന്ദനം, നേർച്ചവിതരണം
(നേതൃത്വം : കെ.എൽ.എം.)

07.45 am : കെ.എൽ.എം. വാർഷിക സമ്മേളനം, കുടുംബസംഗമം, ആദരണീയം, സമ്മാനവിതരണം, സ്നേഹവിരുന്ന് & കാരുണ്യ സമർപ്പണം
(നേതൃത്വം : കെ.എൽ.എം.)

09.00 am : വി. കുർബാന

10.30 am : ആഘോഷമായ കുർബാന സ്വീകരണം.

| ഏപ്രിൽ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ | |
|---|---|
| തിയ്യതി | കുടുംബകൂട്ടായ്മ |
| ഏപ്രിൽ 05 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ഏപ്രിൽ 12 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ഏപ്രിൽ 19 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ഏപ്രിൽ 26 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |

(NB : മെയ് മാസത്തിൽ കുടുംബകൂട്ടായ്മ യോഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല. കുടുംബകൂട്ടായ്മ വാർഷികങ്ങൾ ഉണ്ടായിരിക്കുന്നതാണ്)

## പ്രോലൈഫ് സ്കോളർഷിപ്പ് 2026

സീറോ മലബാർ സമുദായ ശാക്തീകരണ വർഷത്തിന്റെ ഭാഗമായി നമ്മുടെ ഇടവക സമുദായ ശാക്തീകരണ വർഷ കമ്മിറ്റി മെയ് മാസത്തിൽ മൂന്നും അതിൽ കൂടുതലുള്ള മക്കൾ ഉള്ള കുടുംബങ്ങളിൽ നിന്ന് 2026 വർഷത്തിലെ പഠനത്തിനായുള്ള സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വെള്ള കടലാസിൽ മാതാപിതാക്കളുടെ പേരുകളും അവരുടെ വരുമാന മാർഗ്ഗങ്ങളും കാണിച്ച് കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾ രേഖപ്പെടുത്തി വികാരിയച്ചന് അപേക്ഷ ഏപ്രിൽ 26ന് മുൻപ് സമർപ്പിക്കാവുന്നതാണ്. അർഹതയുള്ള അപേക്ഷയിലെ കുട്ടികൾക്ക് സമുദായ ശാക്തീകരണ വർഷ പ്രോലൈഫ് സ്കോളർഷിപ്പ് മെയ് 17 ഞായറാഴ്ച നൽകുന്നതായിരിക്കും.

വികാരി, കുന്നംകുളം

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ വൈദികൻ

**റവ. ഫാ. ഫ്രാൻസീസ് എടക്കളത്തൂർ അച്ചന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും

ആദരാഞ്ജലികൾ...

# വഴിവിളക്ക്

## 21-ാം നൂറ്റാണ്ടിലെ വിശുദ്ധർ

**വി. അഗസ്റ്റീനോ റെസല്ല**

| | |
|---|---|
| ജനനം | : 27 ജൂലൈ 1818 |
| മരണം | : 7 മെയ് 1902 |
| വിശുദ്ധ പദവി | : 10 ജൂൺ 2001 |
| തിരുനാൾ | : 7 മെയ് |

* 1846 സെപ്തംബർ 19ന് വൈദിക പട്ടം സ്വീകരിച്ചു.
* കുമ്പസാരക്കൂട്ടിൽ നീണ്ട മണിക്കൂറുകൾ ചെലവഴിച്ചിരുന്ന അദ്ദേഹം നാട്ടിലെ യുവതീ യുവാക്കളുടെ ഭാവിയെ കുറിച്ചോർത്ത് ഉത്കണ്ഠാകുലനായിരുന്നു.
* യുവാക്കൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിലും യുവതികൾ വേശ്യാവൃത്തിയിൽ ഏർപ്പെടുന്നതിലും താൽപര്യം പുലർത്തിയിരുന്നത് അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു.
* അവരെ തെറ്റായ മാർഗ്ഗത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ അദ്ദേഹം കഠിനമായി പരിശ്രമിച്ചു.
* യുവതീയുവാക്കൾക്ക് ജോലി ചെയ്യാനായി അദ്ദേഹം രണ്ട് സ്ഥാപനങ്ങൾ ആരംഭിച്ചു.
* 1876ൽ "സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ്" എന്ന സമൂഹം സ്ഥാപിച്ചു.

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



### അനുമോദനങ്ങൾ

ജനുവരി മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**തെക്കേക്കര ലിയോൺ ആൽവിന്**


***ഇടവക കുടുംബത്തിന്റെ അനുമോദനങ്ങൾ***


സ്വാഗതം
ഡീക്കൻ മിനിസ്ട്രിക്കായി
ഏപ്രിൽ മാസം മുതൽ
നവംബർ മാസം വരെ
നമ്മുടെ ഇടവകയിലേക്ക്
സേവനം ചെയ്യാനായി കടന്നുവരുന്ന
ഡീക്കൻ
ജോബിൻ നടയ്ക്കൽ CSTക്ക്
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവകയിലേക്ക് ഹൃദ്യമായ സ്വാഗതം


32ND
24-04-2026
Happy Anniversary
E.C. Raju &
Sheeja Raju
Edappully House, Kunnamkulam
Best Compliments From :
Clintomon, Anagha Mol & Shilpakutty




**തൃശൂർ അതിരൂപത സി.എൽ.സി.
ബെസ്റ്റ് മോഡൽ യൂണിറ്റിനുള്ള മൂന്നാം സ്ഥാനവും
മറ്റം ഫൊറോന തലത്തിൽ ഒന്നാം സ്ഥാനവും നേടിയ
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക
സി.എൽ.സി. യുണിറ്റ് ഭാരവാഹികൾ
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്
പിതാവിൽനിന്നും ട്രോഫി സ്വീകരിക്കുന്നു.**






# സ്മരണാഞ്ജലി

## വടക്കൂട്ട് ഞാറയിൽ
## കുഞ്ഞുവറീത്
# ചാക്കുണ്ണി

| ജനനം | മരണം |
|---|---|
| 14-03-1935 | 16-04-2010 |

Sharon Valley, Near Fire Station, **Kunnamkulam**






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? പരീക്ഷയൊക്കെ കഴിഞ്ഞ് അവധിക്കാലത്തേക്ക് പ്രവേശിച്ചതിന്റെ സന്തോഷത്തിലാണല്ലോ എല്ലാവരും? നോമ്പുകാലം കഴിഞ്ഞ് ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് കടക്കുന്നു എന്ന വലിയ ഒരു പ്രത്യേകത കൂടിയുണ്ട്. ഏതിരുളിനും ഒടുവിൽ ഒരു വെളിച്ചമുണ്ടാകും എന്നത് പ്രപഞ്ചസത്യമാണല്ലോ? സഹനങ്ങൾക്കൊടുവിലെ ആ വെളിച്ചമാണ് ഉയിർപ്പ്. ജീവിതത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കാത്തവരില്ല. അങ്ങകലെ കാണുന്ന ആ പ്രത്യാശയുടെ ചെറുവെട്ടമാണ് അതിനെയൊക്കെ അതിജീവിക്കാൻ അവരെ സഹായിക്കുന്നത്. ക്രിസ്ത്യാനികളായ നമുക്ക് യേശു കാണിച്ചുതന്നതും അതുതന്നെ. ഒരു മനുഷ്യന് സഹിക്കാൻ സാധ്യമല്ലാത്ത വേദനകൾ സഹിച്ച് മരിച്ച് അടക്കപ്പെട്ടയാൾ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു!

ഓരോ സഹനത്തിലും ഇതായിരിക്കണം നമ്മുടെ വഴികാട്ടി. അങ്ങുദൂരെ നമുക്കായി വെളിച്ചത്തിന്റെ ഒരു കീറ് ഉണ്ട് അത് പ്രത്യാശയുടേതാണ്. ആ പ്രത്യാശയാണ് ഉയിർപ്പ്. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

മറ്റൊരു കാര്യം ഓർമ്മിപ്പിക്കാനുള്ളത്. ദൈവദർശൻ ക്യാമ്പിന്റെ കാര്യമാണ്. ഏപ്രിൽ 16, 17, 18 തിയ്യതികളിലാണ് ക്യാമ്പ്. Full Attendanceന് ക്യാമ്പ് ദിവസങ്ങളിലെ ഹാജർ പരിഗണിക്കുന്നതാണ് എന്ന് എല്ലാവർക്കും അറിയുമല്ലോ? മൂന്നു ദിവസം നമുക്ക് ഈശോയോടൊത്ത് കളിച്ചും ചിരിച്ചും പഠിച്ചും ചെലവഴിക്കാം. എല്ലാവരും റെഡിയല്ലേ?

ഒരിക്കൽകൂടി ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ

**ജൂനിയർ സി.എൽ.സി. പംക്തി**



## നന്മ നിറഞ്ഞ അമ്മ

**അന്ന ജോൺസൺ**



ദൈവപുത്രന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ കന്യകാമറിയം ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് വിശുദ്ധിയുടെയും നിസ്വാർത്ഥസമർപ്പണത്തിന്റെയും ഉത്തമ പ്രതീകമാണ്. ദൈവഹിതത്തിന് പൂർണ്ണമായി കീഴടങ്ങിക്കൊണ്ട് വിനയത്തിന്റെ പാതയിലൂടെ സഞ്ചരിച്ച മറിയത്തിന്റെ ജീവിതം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനശിലകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.

നസ്രത്തിലെ ഒരു സാധാരണ പെൺകുട്ടിയായിരുന്ന മറിയം, മംഗളവാർത്ത അറിയിച്ച ഗബ്രിയേൽ ദൂതനോട് 'ആമേൻ' എന്ന് പറഞ്ഞ നിമിഷം തൊട്ട് തന്നെ തന്നെ ദൈവത്തിനായി സമർപ്പിച്ചു. രക്ഷകനെ ലോകത്തിന് നൽകുക എന്ന വലിയ ദൗത്യം ഏറ്റെടുത്ത മറിയം, സന്തോഷത്തിന്റെ നിമിഷങ്ങളിലും കഠിനമായ വേദനകളിലും ഒരുപോലെ ദൈവത്തിൽ വിശ്വസിച്ചു.

ഈശോയുടെ ജനനം മുതൽ കാൽവരിയിലെ കുരിശുമരണം വരെ വിശ്വസ്തതയോടെ പുത്രനോടൊപ്പം നിന്ന മറിയം, സഹനങ്ങളെ എങ്ങനെ വിശ്വാസത്തോടെ നേരിടാം എന്ന് ലോകത്തിന് കാണിച്ചുതന്നു.

മറിയത്തിന്റെ ജീവിതം ഇന്ന് ഓരോ വ്യക്തിക്കും വലിയ പ്രചോദനമാണ്. പ്രതിസന്ധികളിൽ തളരാതെ ദൈവത്തിൽ ആശ്രയിക്കാനും, വിനയത്തോടും കരുണയോടും കൂടി മറ്റുള്ളവരെ സേവിക്കാനും അമ്മ നമ്മെ പഠിപ്പിക്കുന്നു. മകന്റെ വേദനകളിൽ തളരാതെ കൂടെനിന്ന അമ്മയുടെ ധീരത, മാതൃത്വത്തിന്റെ മഹത്വവും ക്ഷമയുടെ കരുത്തും വെളിപ്പെടുത്തുന്നു. നിശബ്ദമായ പ്രാർത്ഥനയിലൂടെയും ദൈവവചനം ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടും മറിയം നയിച്ച ജീവിതശൈലി ആധുനിക ലോകത്തിൽ മനുഷ്യത്വം നഷ്ടപ്പെട്ട് പ്രവർത്തിക്കുന്ന മനുഷ്യകുലത്തിന് ഏറ്റവും വലിയ മാതൃകയാണ്.



# സഭാ വാർത്തകൾ

**വ്യോമാക്രമണങ്ങൾ എന്നേക്കുമായി നിരോധിക്കണം: പാപ്പ**

വത്തിക്കാൻ സിറ്റി: വിമാനങ്ങൾ എപ്പോഴും സമാധാനത്തിന്റെ വാഹകരായിരിക്കണമെന്നും ഒരിക്കലും യുദ്ധത്തിന്റേതായിരിക്കരുതെന്നും ലിയോ 14-ാമൻ മാർപാപ്പ. 20 -ാം നൂറ്റാണ്ടിലെ ലോകമഹായുദ്ധങ്ങൾ ഉൾപ്പടെയുള്ള ദുരന്തപൂർണമായ അനുഭവങ്ങൾക്ക് ശേഷം ആകാശത്തുനിന്നുള്ള ആക്രമണങ്ങൾ ലോകത്ത് എന്നന്നേക്കുമായി നിരോധിക്കപ്പെടേണ്ടതായിരുന്നുവെന്ന് പാപ്പ പറഞ്ഞു. പാപ്പയുടെ അപ്പസ്തോലിക് യാത്രകൾക്ക് ഉപയോഗിക്കുന്ന ഇറ്റലിയുടെ ദേശീയ വിമാനക്കമ്പനിയായ 'ഐടിഎ എയർവേയ്സിന്റെ' അധികൃതരുമായും ജീവനക്കാരുമായും വത്തിക്കാനിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് പാപ്പ ഇക്കാര്യം പറഞ്ഞത്.

ആകാശത്തുനിന്നും മരണവും നാശവും വരുമെന്ന ഭീതിയിൽ ആരും ജീവിക്കാനിടയാകരുത്. സാങ്കേതികവിദ്യയുടെ വളർച്ച അതിൽത്തന്നെ ക്രിയാത്മകമാണെങ്കിലും യുദ്ധത്തിനായി ഉപയോഗിക്കുന്നത് പുരോഗതിയല്ല, മറിച്ച് പിന്നോട്ടുള്ള പോക്കാണെന്നും പാപ്പ കൂട്ടിച്ചേർത്തു.

**ആനന്ദകരമായ ഗർഭകാലം ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്തും: മാർ തോമസ് തറയിൽ**

ചങ്ങനാശേരി: ആനന്ദകരമായ ഗർഭകാലം ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്തുമെന്ന് ആർച്ചുബിഷപ് മാർ തോമസ് തറയിൽ. മംഗളവാർത്ത തിരുനാളിനോടും, പ്രോ-ലൈഫ് ദിനത്തോടുമനുബന്ധിച്ച് ചങ്ങനാശേരി ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഗർഭിണികൾക്കായി നടത്തിയ ഓൺലൈൻ ക്ലാസ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഉദരത്തിലുള്ള കുഞ്ഞിന് നെഗറ്റീവ് ചിന്തകളും അനുഭവങ്ങളും കൊടുക്കാതെ അവരെ ദൈവഹിതത്തിനു ചേർന്നവരായി രൂപപ്പെടുത്താൻ ഗർഭാവസ്ഥയിലൂടെ കടന്നുപോകുന്ന സ്ത്രീകൾക്ക് സാധിക്കും. കുടുംബത്തിൽ സന്തോഷവും ആനന്ദവും പ്രാർത്ഥനയും നിറയുമ്പോൾ ഉദരാവസ്ഥയിലുള്ള കുഞ്ഞിനും ആ നൈർമ്മല്യം അനുഭവിക്കാൻ കഴിയുമെന്നും മാർ തറയിൽ പറഞ്ഞു.

**അമേരിക്കയിൽ സേവനം ചെയ്യുന്ന മലയാളി സിസ്റ്റേഴ്സിന്റെ സംഗമം ചിക്കാഗോയിൽ**

ചിക്കാഗോ: അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്ന മലയാളി സിസ്റ്റേഴ്സിന്റെ സംഗമം ഏപ്രിൽ 17, 18 തീയതികളിൽ ചിക്കാഗോയിൽ നടക്കും. ആദ്യമായാണ് ഇത്തരമൊരു വിപുലമായ ഒത്തുചേരൽ സംഘടിപ്പിക്കുന്നത്. ഭാരതത്തിന് പുറത്തുള്ള ആദ്യ സീറോ മലബാർ രൂപതയായ ചിക്കാഗോ രൂപത സ്ഥാപിതമായതിന്റെ 25-ാം വാർഷികാഘോഷങ്ങളുടെയും രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക രജത ജൂബിലിയുടെയും ഭാഗമായാണ് സംഗമം നടത്തുന്നത്. അമേരിക്കയിലുടനീളം വിവിധ സഭാസമൂഹങ്ങളിലും റീത്തുകളിലും സമർപ്പിത സേവനം നയിക്കുന്ന മുന്നൂറ്റമ്പതോളം സന്യാസിനികൾ ഈ സ്നേഹസംഗമത്തിൽ പങ്കുചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെയും ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെയും സാന്നിധ്യത്തിൽ ബെൻസൻവില്ലിലെ സേക്രഡ് ഹാർട്ട് ക്നാനായ സീറോ മലബാർ ഫൊറോനദേവാലയത്തിലാണ് ചരിത്ര സംഗമം നടക്കുന്നത്.

NATIONAL & INTERNATIONAL DAYS

## IMPORTANT DAYS OF APRIL

| | |
|---|---|
| 1 April | Odisha Foundation Day (Utkal Diwas) |
| 2 April | World Autism Awareness Day |
| 4 April | International Day for Mine Awareness |
| 5 April | National Maritime Day (India) |
| 7 April | World Health Day |
| 10 April | World Homeopathy Day |
| 11 April | National Safe Motherhood Day |
| 13 April | Jallianwala Bagh Massacre Anniversary (1919) |
| 14 April | B.R. Ambedkar Remembrance Day (Ambedkar Jayanti) |
| 17 April | World Hemophilia Day |
| 18 April | World Heritage Day |
| 19 April | World Liver Day |
| 21 April | National Civil Service Day (India) |
| 22 April | World Earth Day |
| 23 April | World Book and Copyright Day |
| 24 April | National Panchayati Raj Day (India) |
| 25 April | World Malaria Day |
| 26 April | World Intellectual Property Day |
| 29 April | International Dance Day |



# സ്ത്രീ ശാക്തീകരണം

ആൽബിൻ എ. സജി

സ്ത്രീ ശാക്തീകരണം ഈ തലമുറയിൽ നമ്മൾ മനസ്സിലാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട ഒരു വിഷയമാണ്. കേരള സർക്കാർ പുറത്തുവിടുന്ന പന്ത്രണ്ടാം ക്ലാസ്സിന്റെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ 1-ാം അദ്ധ്യായം ചർച്ച ചെയ്യുന്നത് ഇതിനെക്കുറിച്ചാണ്. ഈ പാഠം യഥാർത്ഥത്തിൽ ഒരു പ്രസംഗമാണ്. ശ്രീമതി. ക്രിസ്റ്റീൻ ലഗാർഡ് ലോക സംയുക്ത അസംബ്ലിയിൽ പങ്കുവെച്ച ഒരു പ്രസംഗം.

ഈ പ്രസംഗത്തിന്റെ ഉള്ളടക്കം സ്ത്രീ ശാക്തീകരണമാണ്. സ്ത്രീ ശാക്തീകരണത്തിന് സഹായപ്രദവും അത് നടപ്പിലാക്കാൻ സഹായിക്കുന്നതുമായ ഒരു ആശയമാണ് ക്രിസ്റ്റീന ലഗാർഡ് പങ്കുവെയ്ക്കുന്നത്. ഈ പ്രസംഗത്തിൽ ക്രിസ്റ്റീന ലഗാർഡ് മൂന്ന് 'L' കളെ കുറിച്ച് ചർച്ച ചെയ്യുകയാണ്. Learning (വിദ്യാഭ്യാസം), Labour, Leadership (നേതൃത്വം).

ഒന്നാമത്തെ 'L' പറയുന്നത് Learningനെക്കുറിച്ചാണ്. വിദഗ്ദ്ധർ നടത്തിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 70 ശതമാനത്തിന്റെ മുകളിൽ സ്ത്രീകൾ വിദ്യാഭ്യാസം നേടിയിട്ടില്ല. ഇതിന് നൂറുനൂറു കാരണങ്ങളുണ്ട്, പ്രധാനമായതാണ്, കുടുംബ പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, മതപരമായ പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ. കുറേ സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുവാൻ അവരുടെ വീട്ടുകാർ ആഗ്രഹിക്കുന്നില്ല. പ്രായപൂർത്തിയായാൽ അപ്പോൾ തന്നെ ഏതെങ്കിലും മിഡിൽ ക്ലാസ്സ് പയ്യനെ കണ്ടുപിടിച്ച് കെട്ടിച്ച് വിടും. അതിനുശേഷം സ്ത്രീ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിത്തീരും. അങ്ങനെ അടുക്കളയുടെ നാലു മതിൽക്കെട്ടിനുള്ളിൽ ഒതുങ്ങിക്കൂടേണ്ടവളല്ല സ്ത്രീ. വിദ്യാഭ്യാസത്തിലൂടെ സ്ത്രീക്ക്, ഈ ലോകത്തിലെ അവസരങ്ങളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും അറിവു നേടുന്നു. ഇത് 2026 ആണ്. സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 കൊല്ലത്തിന് മുകളിലായി എന്നിട്ടും പലയിടങ്ങളിൽ സ്ത്രീകൾക്ക് അവർ സ്ത്രീകളാണെന്ന കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. ഇത് അവസാനിപ്പിക്കണം.

ക്രിസ്റ്റീന ലഗാർഡ് പങ്കുവെയ്ക്കുന്ന രണ്ടാമത്തെ 'L' ആണ്,

Labour, അതായത് തൊഴിൽ. സ്ത്രീകൾക്ക് അവരുടെ പൂർണ്ണ കഴിവുകൾ തെളിയിക്കാൻ പറ്റിയ തൊഴിലുകളിൽ ഏർപ്പെടാൻ ഇന്ന് പറ്റുന്നില്ല. കൂടുതൽ സ്ത്രീകൾക്ക് തൊഴിലേയില്ല. സ്ത്രീയാണെന്ന ഒരൊറ്റ കാരണത്താൽ ജോലി നിഷേധിക്കപ്പെട്ടവരുണ്ട്. ഉയർന്ന വിദ്യാഭ്യാസവും കാര്യബോധവുമുള്ള ഗവേഷകർ അവരുടെ പ്രാഥമിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പങ്കുവെച്ചിട്ടുണ്ട്. സ്ത്രീകൾ പുരുഷന്മാരോടൊപ്പം സമ്പാദിക്കുന്ന ഒരു സാമ്പത്തിക സമൂഹത്തിൽ Per Capita Income കൂടുതലായിരിക്കും. അതോടെ ആ സമൂഹമല്ലെങ്കിൽ രാജ്യവും ആഗോളതലത്തിൽ മെച്ചപ്പെടും. എന്നാലും സ്ത്രീകൾക്ക് ജോലി ലഭിക്കാതിരിക്കുന്നതിനും ജോലി കൊടുക്കാതിരിക്കുന്നതിനും വളരെയേറെ കാരണങ്ങളുണ്ട്. എന്നാൽ സ്ത്രീകൾക്ക് ഏതെങ്കിലും ജോലി പോലെ, സാമൂഹിക - സാമ്പത്തിക നിലപാടുകളിൽ ഉയർന്നുനിൽക്കുന്ന ഒരു തൊഴിലാണ് വേണ്ടത്. ചിലയിടത്ത് സ്ത്രീകൾക്ക് ജോലിയുണ്ടായിട്ടും തക്കതായതും ന്യായവുമായ കൂലി ലഭിക്കുന്നില്ല. ഇതിനും കാരണങ്ങൾ പലവിധമാണ്.

അടുത്തതും അവസാനത്തേതുമായ 'L' ആണ് Leadership. സ്ത്രീകൾ നയിക്കുന്ന സമൂഹങ്ങൾ സാധാരണയേക്കാളും കൂടുതൽ കാര്യപരമായും ഫലപ്രദമായും വളരാറുണ്ട്. ഇതിന് കാരണം സ്ത്രീകളുടെ കാരണബുദ്ധിയും Problem Solving Skillസും ഉള്ളതിനോടൊപ്പം കരുണയും സ്വഭാവവുമുണ്ടാകും. വിദഗ്ദ്ധരാൽ നടത്തപ്പെട്ട പരിശോധനകളുടെ വെളിച്ചത്തിൽ നമുക്ക് മനസ്സിലാക്കാം ഇത് ശരിയാണെന്ന്. ഈ മൂന്ന് 'L' കളുടെ യുക്തമായ ഉപയോഗത്തിലൂടെ നമ്മുടെ നാട്ടിലെ സ്ത്രീകൾക്കും ഉയർന്ന നിലവാരത്തിലേക്ക് എത്താൻ പറ്റും.

സ്ത്രീയെന്നത് ആണിന്റെ അടിമയല്ല, ആണിനോടൊപ്പം ചേർന്ന് സമൂഹവും കുടുംബവും മുന്നോട്ടുകൊണ്ടുപോകേണ്ടവളാണ്. ഈ തലമുറയിലെ സ്ത്രീകൾക്ക് വേണ്ടത് ഭയമല്ല. ജാഗ്രതമാത്രമാണ്. അതോടൊപ്പം സാമൂഹിക വ്യവസായിക സാമ്പത്തിക നിലപാടുകളെക്കുറിച്ചുള്ള അറിവുമാണ്. അത് അവർക്ക് നേടികൊടുക്കാൻ നാം തയ്യാറായാൽ നമ്മുടെ നാടും അമേരിക്കയേപോലെയും അല്ലെങ്കിൽ അതിനേക്കാക്കാൾ മുകളിൽ വരും. ഇതിന് നമ്മളെല്ലാവരും ഒരുമിച്ച് നിന്നാൽ മാത്രം മതി.

ഈ വിഷയം നമ്മൾ നിസ്സാരമായി എടുക്കേണ്ടതല്ല? ദിവസേന നാം കേൾക്കുന്നത്....



# കുടുംബ പ്രാർത്ഥനയുടെ പ്രാധാന്യം

സിസ്റ്റർ നൈസി മരിയ



കുടുംബം ഒരു ചെറിയ സമൂഹമാണ്. ആ സമൂഹത്തിന്റെ കെട്ടുറപ്പിന് പ്രാർത്ഥന വലിയൊരു പങ്കുവഹിക്കുന്നു. തീർച്ചയായും, കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനെ 'കുടുംബത്തിന്റെ നട്ടെല്ല്' എന്നാണ് പലപ്പോഴും വിശേഷിപ്പിക്കാറുള്ളത്.

'ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കുന്നു' എന്ന വചനം പോലെ, അതിന് വലിയൊരു ആത്മീയവും സാമൂഹികവുമായ പ്രാധാന്യമുണ്ട്. കുടുംബ പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ചില വശങ്ങൾ താഴെ പറയുന്നവയാണ്,

**1. കുടുംബ ബന്ധങ്ങൾ ദൃഢമാകുന്നു.**

പകൽ മുഴുവൻ നീണ്ടുനിൽക്കുന്ന ജോലികൾക്കും തിരക്കുകൾക്കും ശേഷം കുടുംബാംഗങ്ങൾ ഒരുമിച്ച് ചെലവഴിക്കുന്ന നിമിഷങ്ങളാണിവ. ഇത് പരസ്പരമുള്ള സ്നേഹവും ഐക്യവും വർദ്ധിപ്പിക്കുന്നു.

**2. മാനസിക സമാധാനവും ആശ്വാസവും:-**

ഒരുമിച്ചുള്ള പ്രാർത്ഥന വീട്ടിലെ പിരിമുറുക്കങ്ങളും അസ്വസ്ഥതകളും കുറയ്ക്കാനും മനസ്സിന് ശാന്തി നൽകാനും സഹായിക്കുന്നു. വീട്ടിലെ പ്രയാസങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ അല്ലെങ്കിൽ രോഗങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ ഒരുമിച്ചിരുന്നുള്ള പ്രാർത്ഥന വലിയൊരു ആശ്വാസമാണ്. 'ഞങ്ങൾ ഒറ്റയ്ക്കല്ല' എന്ന തോന്നൽ അത് നൽകുകയും പോസിറ്റീവ് ആയ ഒരു ഊർജ്ജം വീട്ടിൽ നിറയ്ക്കുകയും ചെയ്യുന്നു.

**3. കുട്ടികളിലെ മൂല്യബോധം :-**

കുട്ടികൾ ദൈവവിശ്വാസത്തിലും നന്മയിലും വളരാൻ കുടുംബ പ്രാർത്ഥന സഹായിക്കുന്നു. മാതാപിതാക്കൾ പ്രാർത്ഥിക്കുന്നത് കാണുമ്പോഴാണ് കുട്ടികൾ വിനയം, നന്ദി, കരുണ തുടങ്ങിയ ഗുണ

ങ്ങൾ പഠിക്കുന്നത്. ഇത് അവരുടെ ജീവിതത്തിന് കൃത്യമായ ഒരു അടിത്തറ നൽകുന്നു.

**4. നന്ദി പ്രകാശിപ്പിക്കാനുള്ള അവസരം :-**

നമുക്ക് ലഭിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും ദൈവത്തോട് നന്ദി പറയാൻ ഈ സമയം ഉപയോഗിക്കാം. ഇത് ജീവിതത്തിൽ, സംതൃപ്തി കണ്ടെത്താൻ എല്ലാവരെയും സഹായിക്കുന്നു.

**5. അച്ചടക്കവും ചിട്ടയും:-**

ദിവസവും ഒരു നിശ്ചിത സമയത്ത് പ്രാർത്ഥിക്കാനായി ഒത്തു ചേരുന്നത് കുടുംബത്തിൽ നല്ലൊരു അച്ചടക്കം (Discipline) കൊണ്ടുവരാൻ സഹായിക്കും. ഇത് സമയ ക്രമപാലനത്തിനും കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പരോക്ഷമായി സഹായിക്കുന്നു.

***ചുരുക്കത്തിൽ:*** കുടുംബാംഗങ്ങൾ തമ്മിലുള്ള മനസ്സുകളുടെ സംഗമമാണ് കുടുംബ പ്രാർത്ഥന.അത് വീടിനെ ഒരു സ്വർഗ്ഗമാക്കി മാറ്റാൻ സഹായിക്കുന്നു. പ്രാർത്ഥന ജീവിതത്തിന്റെ ഒരു ഭാഗമാക്കി മാറ്റാം.ഈശോ അനുഗ്രഹിക്കട്ടെ...

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 12-04-2026 | 3.00 pm | സെന്റ് ജോസഫ് | കണ്ണനായ്ക്കൽ സണ്ണി വർഗ്ഗീസ് (നെഹ്റു നഗർ 7th അവന്യു) |
| 12-04-2026 | 4.00 pm | മേരിമാതാ | കാട്ടുകുളങ്ങര പ്രദീപ് ലാലി (ഗാന്ധിജി നഗർ 1st അവന്യു) |
| 19-04-2026 | 3.00 pm | സെന്റ് ആന്റണീസ് | പുന്നത്തുകളം താമി ജോവാക്യം (കക്കാട്) |
| 19-04-2026 | 4.00 pm | സെന്റ് തോമസ് | കുറ്റിക്കാട്ട് മേരി ജോർജ്ജ് (വാട്ടർ ടാങ്കിന്റെ പിൻവശം) |
| 26-04-2026 | 3.00 pm | സെന്റ് ജോർജ്ജ് | പള്ളിപ്പുറത്ത് അന്തോണി ലില്ലി (പട്ടാമ്പി റോഡ്, IFA ഫർണ്ണിച്ചറിന്റെ തൊട്ടടുത്ത വഴി) |
| 26-04-2026 | 4.00 pm | സെന്റ് സേവ്യർ | കാറ്റാടി തോമസ് വത്സ (ചൈതന്യസ്കൂളിന് സമീപം, കുറുക്കൻപാറ) |




# *E.V. Prince & Saly Prince*

Edappully House, Vyssery
Kunnamkulam

Best Wishes From : Friends & Family

29th Happy Anniversary

27-04-2026






# Dr. Ciju Jose

# Cini Ciju

Chungath House
Indhira Nagar II$^{nd}$ Avenue
Thrissur Road, Kunnamkulam

*With best wishes : Mummy & Naveen*


32nd
ANNIVERSARY
24-04-2026
C.L. Bhasy
Reena Bhasy
Chittappilly House
Madurakulam Road - Kunnamkulam
Best Compliments From : Reeba, Jeejo, Reema, Jackson & Shana Mystica



പാവനസ്മരണയ്ക്ക്
32-ാം ചരമവാർഷികം
18 - 04 - 2026
കിഴക്കൂട്ട് ജോസഫ്
ഡോ. കെ.ജെ. സൈമൻ
കോട്ടയിൽ റോഡ്
കുന്നംകുളം
പ്രാർത്ഥനാശംസകളോടെ...
കിഴക്കൂട്ട് കുടുംബാംഗങ്ങൾ

# ഇങ്ങനെ ഒരാൾ നമ്മുടെ ഇടയിൽ ജീവിച്ചിരുന്നു!



ലല്ലി പി.എ.

കൊട്ടാരം വേണ്ടെന്ന് വെച്ച് ഗസ്റ്റ് ഹൗസിൽ താമസം; സഞ്ചാരത്തിന് പൊതുഗതാഗതം; ആശയവിനിമയത്തിന് ലാൻഡ് ഫോൺ; ഔദ്യോഗികവസ്ത്രത്തിൽ പോലും നിറപ്പകിട്ട് ഒഴിവാക്കി; സ്ഥാന ചിഹ്നങ്ങളിൽ വിലയേറിയ ലോഹമായ സ്വർണം വേണ്ടെന്ന് വെച്ചു. സമ്മാനമായി കിട്ടിയ ആഡംബര വാഹനങ്ങൾ മ്യൂസിയത്തിൽ സൂക്ഷിക്കാതെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ലേലം ചെയ്തു.

പറഞ്ഞുവന്നത് മറ്റാരെയും കുറിച്ചല്ല, കഴിഞ്ഞ വർഷം നമ്മളെ വിട്ട് ദൈവസന്നിധിയിൽ ചേർന്ന ഫ്രാൻസിസ് മാർപാപ്പയെ കുറിച്ചാണ്. ജെസ്യൂട്ട് പുരോഹിതന്മാരിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, ദക്ഷിണാർദ്ധഗോളത്തിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, യു എസ് കോൺഗ്രസിനെ അഭിസംബോധനചെയ്ത ആദ്യത്തെ മാർപാപ്പ, അറേബ്യൻ ഉപദ്വീപ് സന്ദർശിച്ച ആദ്യത്തെ മാർപാപ്പ - ഇങ്ങനെചരിത്രത്തിൽ ആദ്യത്തെ എന്ന ഒട്ടേറെ വിശേഷണങ്ങൾ അദ്ദേഹത്തിന് സ്വന്തം. കൂട്ടത്തിൽ 1282 വർഷത്തിന് ശേഷം യൂറോപ്പിന് പുറത്തു നിന്നുള്ള ആദ്യത്തെ മാർപാപ്പ എന്നതും!

ജെസ്യൂട്ട് പുരോഹിതനായത് കൊണ്ട് തന്നെ ലാളിത്യം ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി, ദൈവാശ്രയത്വം, സാർവദേശീയ കാഴ്ചപ്പാട്, മതാന്തര സംവാദം, ദരിദ്രരോടും കുടിയേറ്റക്കാരോടും അഭയാർഥികളോടും ഉള്ള നിലപാട്, പരിസ്ഥിതി സംരക്ഷണത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും കുറിച്ചുള്ള ആശങ്ക എന്നിവ അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി.

പരമ്പരാഗതമായി മാർപാപ്പമാർ താമസിച്ചു വരുന്ന അപ്പോസ്തോലിക കൊട്ടാരത്തിന് പകരം പുറത്തുള്ള ഒരു ഗസ്റ്റ് ഹൗസ് ആണ് അദ്ദേഹം താമസിക്കാൻ തെരഞ്ഞെടുത്തത്. സമൂഹത്തോടുള്ള ആശയവിനിമയത്തിനും ലാളിത്യത്തിനും ഇണങ്ങുന്നത് അതാണെന്ന് അദ്ദേഹം വിശ്വസിച്ചു.

ഔദ്യോഗികവാഹനത്തിന് പകരം പൊതുഗതാഗത സംവിധാനത്തെ ആണ് അദ്ദേഹം ആശ്രയിച്ചത്. തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം താമസസ്ഥലത്തേക്കുള്ള മടക്കയാത്ര തന്നെ അദ്ദേഹത്തിന്റെ നയപ്രഖ്യാപനമായിരുന്നു. മാർപാപ്പയ്ക്ക് വേണ്ടി പ്രത്യേക വാഹനം തയ്യാറായിരുന്നെങ്കിലും വന്നത് പോലെ തന്നെ മറ്റു കർദ്ദിനാൾമാരു

ടെ കൂടെ വന്ന വാഹനത്തിൽ തന്നെയാണ് അദ്ദേഹം മടങ്ങിയത്.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ വിശ്വാസികളെ അഭിസംബോധനചെയ്യാനെത്തിയ അദ്ദേഹത്തിന്റെ വസ്ത്രം ഏറെ ശ്രദ്ധിക്കപ്പെട്ടു. പരമ്പരാഗതമായി മാർപ്പാപ്പമാർ ധരിച്ചിരുന്ന ചുവന്ന വെൽവെറ്റ് മോസെറ്റ( നെഞ്ച് വരെ ഇറങ്ങിനിൽക്കുന്ന മേൽക്കുപ്പായം)അദ്ദേഹം ധരിച്ചിരുന്നില്ല. പകരം വെള്ള കസോക്ക് ആണ് അദ്ദേഹം ധരിച്ചത്. താൻ പിന്തുടരുന്ന ലാളിത്യത്തിന് ചുവപ്പിനേക്കാൾ ചേരുന്നത് വെള്ളയാണ് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

'മുക്കുവന്റെ മോതിരം' എന്നറിയപ്പെടുന്ന മുദ്രമോതിരവും ലാളിത്യം കൊണ്ട് ശ്രദ്ധേയമായി. സ്വർണത്തിന് പകരം സ്വർണം പൂശിയ വെള്ളിമോതിരം ആയിരുന്നു അദ്ദേഹം അണിഞ്ഞത്. അദ്ദേഹം അണിഞ്ഞിരുന്ന കുരിശും വെള്ളി കൊണ്ട് നിർമിച്ചതായിരുന്നു. ഈ ആധുനിക കാലത്ത് ജീവിച്ചിട്ടും സ്വന്തമായി ഒരു മൊബൈലോ കമ്പ്യൂട്ടറോ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ലാൻഡ് ഫോൺ ആയിരുന്നു അദ്ദേഹം മറ്റുള്ളവരെ വിളിക്കാൻ ഉപയോഗിച്ചത്. സമാധാനപ്രിയനായ അദ്ദേഹം ക്യൂബ, റഷ്യ, ഇസ്ലാമിക രാഷ്ട്രങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ സന്ദർശനങ്ങളും അവിടങ്ങളിലെ രാഷ്ട്രത്തലവന്മാരുമായി നടത്തിയ ചർച്ചകളും ചരിത്രത്തിൽ ഇടം പിടിച്ചു.

അഭയാർഥികൾക്കും കുടിയേറ്റക്കാർക്കും വേണ്ടി ശക്തമായി നിലകൊണ്ട പാപ്പയാണ് അദ്ദേഹം അഭയാർഥികൾ അവകാശങ്ങളുള്ള മനുഷ്യരാണെന്നും അവരെ സ്വീകരിക്കുന്നതും സംരക്ഷിക്കുന്നതും നമ്മുടെ ധാർമികമായ കടമയാണെന്നും അവർക്ക് സുരക്ഷിതമായ ഇടം നൽകണമെന്നും അദ്ദേഹം ഊന്നിപറഞ്ഞു . കുടിയേറ്റക്കാരോടുള്ള ലോകത്തിന്റെ ഉദാസീനത ഒരു പാപമാണെന്നും മെഡിറ്ററേനിയൻ കടൽ ഒരു ശ്മശാനം ആയി മാറിയെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. കുടിയേറാനുള്ള അവകാശം പോലെ തന്നെ സ്വന്തം നാട്ടിൽ അന്തസ്സായി ജീവിക്കാനുള്ള അവകാശവും പ്രധാനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 2016 ലെ പെസഹാ ദിനത്തിൽ വിവിധരാജ്യങ്ങളിൽ നിന്നുള്ള വ്യത്യസ്ത മതവിശ്വാസികളായ 12 അഭയാർഥികളുടെ  പാദങ്ങൾ കഴുകി ചുംബിച്ചുകൊണ്ട് അദ്ദേഹം അവരോടുള്ള ഐക്യം പ്രഖ്യാപിച്ചു.

2015 ൽ പ്രസിദ്ധീകരിച്ച ലൗദാസ് തോ സി എന്ന ചാക്രിക ലേഖനത്തിൽ ഭൂമിയെ ' മനുഷ്യകുലത്തിന്റെ പൊതുഭവനം ' എന്നാണ് വിശേഷിപ്പിച്ചത്.വർധിച്ചുവരുന്ന പരിസ്ഥിതിചൂഷണത്തിലും കാലാവസ്ഥാ വ്യതിയാനത്തിലുമുള്ള ആശങ്ക രേഖപ്പെടുത്തിയ ഈ ലേഖനം അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ടു.

2017 ൽ ലംബോർഗിനി കമ്പനി ഫ്രാൻസിസ് പാപ്പായ്ക്ക് അവരു

ടെ ഹുറാകാൻ സൂപ്പർ കാർ സമ്മാനിച്ചു. വത്തിക്കാൻ പതാകയുടെ വെള്ളയും സ്വർണ്ണനിറവും പെയിന്റ് ചെയ്ത 3.5 കോടി രൂപ വിലയുള്ള ആ സ്പെഷ്യൽ എഡിഷൻ കാർ ആശീർവദിച്ചു അതിന്റെ ബോണറ്റിൽ ഒപ്പ് രേഖപ്പെടുത്തിയ ശേഷം അദ്ദേഹം അത് ലേലത്തിൽ വെച്ചു.

7 കോടിയിലധികം രൂപയ്ക്കാണ് കാർ ലേലത്തിൽ പോയത്. ഇറാഖിലെ ക്രൈസ്തവസമൂഹത്തിന്റെ പുനർനിർമാണവും ആഫ്രിക്കയിലെ മെഡിക്കൽ പ്രവർത്തനങ്ങളുമുൾപ്പെടെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഈ തുക അദ്ദേഹം ചെലവഴിച്ചത്.

ഇതിനുമുമ്പും സമ്മാനമായി ലഭിച്ച വാഹനങ്ങൾ അദ്ദേഹം കാരുണ്യപ്രവർത്തനങ്ങൾക്കായി ലേലം ചെയ്തിട്ടുണ്ട്, അദ്ദേഹം. അതിൽ പ്രധാനപ്പെട്ടതാണ് ഹാർലി ഡേവിഡ്സൺ തങ്ങളുടെ നൂറ്റിപത്താം വാർഷികത്തിൽ സമ്മാനിച്ച സൂപ്പർ ബൈക്ക്. പിയർസെന്റ് വൈറ്റ് എന്ന ഈ ബൈക്കിൽ മുൾക്കിരീടത്തിന്റെ പകർപ്പും സ്വർണം പൂശിയ കുരിശുമുണ്ടായിരുന്നു. ഹോളി ഡേവിഡ്സൺ എന്ന് വിശ്വാസികൾ വിശേഷിപ്പിച്ച ഈ ബൈക്കിന് പ്രതീക്ഷിച്ചതിനേക്കാൾ 11 മടങ്ങ് ലേലത്തിൽ ലഭിച്ചു. ഏകദേശം രണ്ടേകാൽ കോടിയിൽ അധികമായിരുന്നു, അത്. ഈ തുക ഉഗാണ്ടയിലെ അനാഥബാല്യങ്ങൾക്ക് താമസസ്ഥലവും സ്കൂളും നിർമിക്കാനാണ് ചെലവഴിച്ചത്.

കഴിഞ്ഞ ഏപ്രിൽ 21 നു വിടവാങ്ങുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ 100 ഡോളറോളം മാത്രമേ ഉണ്ടായിരുന്നുള്ളു. സ്വന്തമായി ഭൂമിയോ വീടോ ബാങ്ക് അക്കൗണ്ടോ നിക്ഷേപങ്ങളോ ഉണ്ടായിരുന്നില്ല. മാർപാപ്പ എന്ന നിലയിൽ ലഭിക്കേണ്ടിയിരുന്ന ശമ്പളം അദ്ദേഹം വാങ്ങിയിരുന്നില്ല.

ലളിതമായ ഒരു ശവപ്പെട്ടിയും ശവകുടീരവും മതിയെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. സാധാരണ മാർപ്പാപ്പമാരെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലാണ് അടക്കം ചെയ്യാറുള്ളത് എങ്കിലും സെന്റ് മേരി മേജർ ബസിലിക്കയിൽ ലളിതമായി അടക്കം ചെയ്യണം എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.തന്റെ എല്ലാ യാത്രയുടെയും തുടക്കത്തിലും ഒടുക്കത്തിലും പ്രാർത്ഥിച്ചിരുന്ന മരിയൻ സങ്കേതത്തിൽ തന്നെ ജീവിതയാത്ര അവസാനിപ്പിക്കണം എന്ന് അദ്ദേഹം തീരുമാനിച്ചു. ശവകുടീരത്തിൽ അലങ്കാരങ്ങൾ ഒഴിവാക്കി ലത്തീൻ ഭാഷയിൽ ഫ്രാൻസിസ് എന്ന് മാത്രം എഴുതണമെന്നും അദ്ദേഹം നിർദേശിച്ചു.

ഇങ്ങനെജീവിതത്തിലുടനീളവും മരണത്തിൽ പോലും തികഞ്ഞ ലാളിത്യം കാത്തുസൂക്ഷിച്ച വ്യക്തി ആയിരുന്നു, ഫ്രാൻസിസ് പാപ്പ.



# സന്ധിവാതം

**ഡോ. പോൾ സി. റാഫേൽ**

ആനുകാലിക പ്രസക്തിയുള്ള ഒരു വിഷയമാണ് സന്ധിവാതം. എല്ലാ വർഷവും ലോകസന്ധിവാതരോഗ ദിനമായി ഒക്ടോബർ 12-ാം തിയ്യതി ആചരിക്കുന്നു. അത് 1996 മുതലാണ് ആരംഭിച്ചത്. ഇതിന്റെ നേതൃത്വം രണ്ടു സംഘടനകളുടെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. 1) യൂറോപ്യൻ ലീഗ് എഗെയ്ൻസ്റ്റ് റുമാറ്റിസം (EULAR), 2) ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം ഇന്റർ നാഷണൽ സംഘടനയുമാണ്.

സന്ധിവാതത്തെ സംബന്ധിച്ചു ജനങ്ങൾക്ക് ഇടയിൽ ബോധവൽക്കരവും രോഗികൾക്കും, ഡോക്ടർമാർക്കും സന്ധിവാതത്തെപ്പറ്റി കൂടുതൽ അറിവും, പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കാനാണ് സംഘടന പ്രധാനമായി ഉദ്ദേശിക്കുന്നത്.

മനുഷ്യശരീരത്തിൽ രണ്ടോ അതിലധികമോ അസ്ഥികൾ കൂടിച്ചേരുന്ന ഇടങ്ങളെ സന്ധി എന്നു പറയുന്നു. അസ്ഥികൾക്കും മാംസപേശികൾക്കും ഉണ്ടാകുന്ന രോഗങ്ങളെയാണ് സന്ധിവാതം എന്നറിയപ്പെടുന്നത്.

പ്രായമുള്ള ആളുകളിലാണ് ഇത് കൂടുതൽ കണ്ടുവരുന്നത്. അസ്ഥികൾക്കുള്ള തേയ്മാനം, ശരീരത്തിന്റെ അമിതഭാരം, പ്രമേഹരോഗം, വ്യായാമത്തിന്റെ കുറവ് എന്നിവ രോഗകാരണമാകുന്നു. ഇതിൽ പ്രധാനപ്പെട്ടത് കാൽമുട്ടിനുള്ള തേയ്മാനമാണ്. ശരീരത്തിന്റെ ഏറ്റവും അധികം ഇളകുന്ന സന്ധിയാണ് കാൽമുട്ടുകൾ. ഈ സന്ധിയാണ് നടക്കുമ്പോഴും കുനിഞ്ഞിരിക്കുമ്പോഴും, കിടന്നുറങ്ങുമ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് മിക്കവർക്കും കാൽമുട്ടിനുള്ള സന്ധിരോഗം കാണപ്പെടുന്നത്. ഈ രോഗത്തെ കാൽമുട്ടുവാതം എന്നും വിളിക്കുന്നു. വേദനയും നീർകെട്ടുമാണ് പ്രധാനലക്ഷണം. മിക്കവരിലും പനിയും കാണും. മധ്യവയസ്ക്കരായ സ്ത്രീകളിൽ ഇതു വളരെയേറെ കാണപ്പെടുന്നു. പ്രാരംഭത്തിൽ തന്നെ ചികിത്സിക്കുകയാണെങ്കിൽ നല്ല മാറ്റം കണ്ടേക്കാം. വേദനയും നീരും കുറക്കാനുള്ള മരുന്നും, കാത്സ്യം അടങ്ങിയ വിറ്റാമിൻ ഡി അടങ്ങിയ ഗുളികകളും വ്യായാമവും ഉപദേശിക്കുന്നു. ശരിയായ, കൃത്യമായ, ക്രമമായ വ്യായാമശീലം ഉള്ളവർക്ക് അത്ഭുതകരമായ മാറ്റം കാണാം. രോഗശമനത്തിന് ഫലം ചെയ്യും. ഭക്ഷണത്തിലൂടെ ശരീരത്തിന്റെ ഭാരം കുറക്കുകയും,

വ്യായമം നിലനിർത്തുകയും, കാത്സ്യം, വിറ്റാമിൻ ഡി ഗുളികകളിലൂടേയും ഏറെക്കാലം വേദനയില്ലാതെ മുന്നോട്ടുപോകാൻ സാധിക്കും.

ചില ആയുർവേദ ചികിത്സയും ഈ രോഗത്തിന് ഫലപ്രദമാണ്. ഉഴിച്ചിലും, തടവലും, രക്തം, ശരീരത്തിലെ നാഡികളിലേക്കും, പേശികളിലേക്കും പ്രവഹിച്ച് വേദന കുറക്കും.

സന്ധികൾക്ക് രോഗം കഠിനമായി ബാധിച്ചാൽ, ജോലി ചെയ്യാതെ വിശ്രമം എടുക്കുക. ഫിസിയോതെറാപ്പിയിലൂടെ മാംസപേശികൾക്ക് ബലം പകരുക, അമിതമായി തടിക്കാതെ സൂക്ഷിക്കുക, മധുരപലഹാരങ്ങൾ, കൂടുതൽ പഞ്ചസാരയുടെ ഉപയോഗം കുറയ്ക്കുക, കൊഴുപ്പ് കൂടുതൽ അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം.

## സിയെനായിലെ കത്രീന



പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന (17 മാർച്ച് 1347 – 29 ഏപ്രിൽ 1380) ഒരു ക്രിസ്തീയ യോഗിനിയും ഡോമിനിക്കൻ മൂന്നാം സഭാംഗവും ആയിരുന്നു സിയെനായിലെ കത്രീന. കത്തോലിക്കാ സഭ അവരെ വിശുദ്ധയും വേദപാരംഗതയും ആയി അംഗീകരിച്ചിട്ടുണ്ട്. ഫ്രഞ്ച് ചക്രവർത്തിമാരുടെ സ്വാധീനത്തിൽ മാർപ്പാപ്പാമാരുടെ ആസ്ഥാനം റോമിൽ നിന്ന് ഫ്രാൻസിലെ അവിഞ്ഞോണിലേയ്ക്ക് മാറ്റിയതിനെത്തുടർന്ന്ഉണ്ടായ ജീർണ്ണതയുടേയും അസ്ഥിരതയുടേയും കാലമായിരുന്നു അവരുടെ ജീവിതത്തിന്റെ പശ്ചാത്തലം. റോമിനെവീണ്ടും മാർപ്പാപ്പായുടെ ആസ്ഥാനമാക്കാനുള്ള കത്രീനയുടെ അക്ഷീണയത്നം, അവരുടെ ജീവിതകാലത്തു തന്നെ ഫലം കണ്ടെങ്കിലും ആ വിജയത്തെ തുടർന്നുണ്ടായ 'പാശ്ചാത്യശീശ്മ' (Western Schism) നിലനിൽക്കെയാണ് അവർ മരിച്ചത്. ഇറ്റലിയിലെ നഗരരാഷ്ട്രങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കുന്നതും അവർ ജീവിതദൗത്യമാക്കിയിരുന്നു. ഇറ്റലിയുടെ മദ്ധ്യസ്ഥയായ വിശുദ്ധയും കൂടിയാണ് കത്രീന.

| | |
|---|---|
| **ജനനം** | **: മാർച്ച് 25, 1347 (സിയന്ന, ഇറ്റലി)** |
| **മരണം** | **: ഏപ്രിൽ 29, 1380 (33 വയസ്സ്), റോം, ഇറ്റലി)** |
| **നാമകരണം** | **: 1461 (പന്ത്രണ്ടാം പീയൂസ് മാർപാപ്പ)** |
| **ഓർമ്മത്തിരുനാൾ** | **: ഏപ്രിൽ 29, 30** |

# മിഴിവിളക്ക്

## കാവൽ മാലാഖ

### 16. ലവുവിയാഹ് : "അത്ഭുതാവഹനായ ദൈവം"
### (ജൂൺ 11-15 കാലയളവിൽ ജനിച്ചവർക്ക്)

ആത്മീയ പ്രവർത്തനത്തിന്റെ ഉന്നതമായ ഒരു നിലയിലേക്ക് ഈ ദൂതൻ തന്റെ സംരക്ഷണത്തിൻകീഴിലുള്ളവരെ ഉയർത്തുന്നു. അതുവഴി നിത്യം ഊർജസ്വലമായും സജീവമായും നിലനിൽക്കാൻ അവർക്കാവും. അവർ ജ്ഞാനമുള്ളവരാകും; അത് പ്രകടിപ്പിക്കാനും സാധ്യമാകും. ഇവ നേടാനായി ലവുവിയാഹിനോടു പ്രാർത്ഥിക്കുക. ഈ ദൂതന്റെ സഹായമില്ലെങ്കിൽ ജ്ഞാനം അദൃശ്യമായിത്തീരും. അത് അലിഞ്ഞില്ലാതാകുകയും ചെയ്യും.

**പ്രാർത്ഥന :** എന്റെ ഉപബോധ മനസ്സിലെ സത്ത എന്റെ ചിന്തകളുമായി ലയിച്ചുചേരുമാറാകട്ടെ. എന്റെ കഴിഞ്ഞ കാലത്തിലെ ഇരുണ്ട ദിനങ്ങൾ വ്യക്തതയുള്ളതായിത്തീരട്ടെ. അതുവഴി അവ എന്റെ ഇന്നത്തെ ജീവിതത്തെ വേട്ടയാടാതിരിക്കട്ടെ. എന്റെ വികാരങ്ങളിലെ അന്ധകാരത്തിൽ ഓ ലവൂവിയാ, അങ്ങയുടെ പ്രകാശം തൂകിയാലും. അതുവഴി ഭൂതകാലത്തിലെ വിപരീതാനുഭവങ്ങൾ പ്രചോദകങ്ങളായ സംഭവങ്ങളായി മാറുമല്ലോ. എന്നേയും ഞാനുമായി ബന്ധപ്പെട്ട സകലരേയും പ്രചോദിപ്പിക്കണമേ. ജീവിതത്തിലെ നൂലാമാലകളിൽ നിന്ന് പുറത്തുകടക്കാൻ ഞങ്ങൾക്ക് ശക്തിലഭിക്കുമാറാകട്ടെ. ചിന്തകൾക്കും മോഹങ്ങൾക്കുമിടയിലെ പാലമായി ഞാൻ മാറട്ടെ. അതുവഴി മഹത്തായ കാര്യങ്ങൾ നിർവ്വഹിക്കാൻ എനിക്ക് കരുത്ത് പകരണമേ.

**ഉപദേശം :** നിന്നിൽ മറഞ്ഞു കിടക്കുന്ന ജ്ഞാനത്തിന്റെ അടയാളങ്ങളെ ഞാൻ പുറത്തുകൊണ്ടുവരികയും മുന്നിൽ നിറുത്തുകയും ചെയ്യും. സഹോദരാ, എന്റെ കരമായി ഞാനിന്ന് അത്ഭുതകരമായ കണ്ടുപിടിത്തങ്ങൾ നടത്തുക. അതുവഴി മറ്റുള്ളവർ അവരവർക്കുള്ളിലെ കഴിവുകൾ കണ്ടെത്തുമാറാകട്ടെ.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

## ഞാൻ യാത്രയായ്



**മുട്ടത്ത് തോമസ് സുരേഷ്** (55 വയസ്സ്)
11-03-2026
(സെന്റ് തോമസ് കുടുംബകൂട്ടായ്മ)





# BLOOD OF THE LAMB

Joyce Thomson

" On that day a fountain will be opened in the house of David and the inhabitants of Jerusalem to cleanse them from sin and impurity".( Zechariah 13: 1). This is widely explained as a prophecy of the cleansing power of the blood of Christ, which washes away sins and provides permanent forgiveness. Of course the blood of Jesus Christ has the power to erase sins, curses, sickness and bondages . Hebrew 9:22 states forgiveness of sins requires the shedding of blood. This highlights necessity of sacrifice for the atonement of sins, establishing the old testament sacrifice as a foreshadowing of Jesus' ultimate sacrifice.

From genesis itself, we see that the sin is covered by the blood, and God clothed Adam & Eve by the skins of animals. It is also a foreshadow of Jesus' sacrifice. In Exodus we see the sacrifice of the Passover Lamb and sprinkling of the blood on the door posts of the Israelites. God says that when He sees the blood He would Passover. " For it is impossible for the blood of bulls and goats to take away sins" (Hebrews 10: 4). This highlights the inadequacy of Old Testament animal sacrifices, for the atonement of sins. This verse points to the necessity of sacrifice of Jesus Christ in order to save us from sins. "Christ was sacrificed once to bear the sins of many and will appear a second time not to deal with sin, but to bring salvation to those eagerly waiting for him (Hebrews 9: 28). God already planned redemption through blood. This we can understand when we read Psalm 22, Isaiah 53 and many other verses in old testament.

Chapter 53 of Isaiah interprets, Jesus Christ was crushed for our sins to provide physical and spiritual healing. Thus blood of Jesus cancels the record of our sins. "Blood of Jesus purifies us from all sins" ( 1 John 1:7). Further we have freedom by the blood of Jesus Christ. "By His sacrificial death we are set free" (Eph 1: 7). Forgiveness of sin is not earned but granted freely by the blood of Jesus. We are also justified by

the blood of Jesus Christ. "By His sacrificial death we are put right with God" (Romans 5: 9). We can also defeat satan by the blood of Jesus Christ. "Our brothers won the victory over him by the blood of the Lamb and the truth which they proclaimed (Revelation 12:11). Blood of Jesus confirms eternal life. "Whoever eats my flesh and drinks my blood has eternal life and I will raise them up at the last day" (John 6: 53-54).

So let us take refuge in the blood of Jesus. We can apply blood in our daily life and in our daily warfare with the devil. Let us cover ourselves and our families with the Holy Blood of Jesus. Let me scribble here the popular hymn .....

"Are you washed In the blood;
In the soul cleansing Blood of the Lamb?
Are your garments white as snow?
Are you washed in the blood of the Lamb? "

### സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |


13-ാം
ചരമവാർഷികം
01-04-2026
പേരാമംഗലം
വറുതുണ്ണി
ലാസർ
കക്കാട് - കുന്നംകുളം
ജനനം
28-10-1955
മരണം
01-04-2013


6-ാം
ചരമവാർഷികം
11-04-2026
സിന്ധു വി.ജെ.
D/o. ജോണി
വലിയവീട്ടിൽ ഹൗസ്
ചിറളയം
ജനനം
14-12-1965
മരണം
11-04-2020





SINCE 1949 THARAKANS ROYAL JEWELLERY

Near Veterinary Hospital, **Pattambi Road, Kunnamkulam.** Tel: 9207 211078

**Thrissur Road, Kunnamkulam.** Tel: 9400211078

KM Trading, Abu Shagara, **Sharjah-UAE** P.B. No. 79625. T: 06-5570879 M: 00971564465704

**Call: +91 9207 211 078**

# സംഘടനാ വാർത്തകൾ

**യൂത്ത് സി.എൽ.സി.**

* മാർച്ച് 1ന് തണ്ണീർകുടം എന്ന പദ്ധതിയിലൂടെ വേനൽക്കാലത്ത് പക്ഷികളുടെ ദാഹം അകറ്റാൻ ഓരോ യൂണിറ്റ് പ്രതിനിധികൾക്ക് അതിനാവശ്യമായ സാമഗ്രികൾ നൽകാൻ നേതൃത്വം നൽകി.
* മാർച്ച് 29 ഓശാന തിരുകർമ്മങ്ങൾക്കും കുരുത്തോല പ്രദക്ഷിണത്തിനും ഈസ്റ്റർ സമ്മാന കൂപ്പൺ നറുക്കെടുപ്പിനും നേതൃത്വം നൽകി.
* ഓശാന ഞായറാഴ്ചയോടനുബന്ധിച്ച് ഓശാന മന്ന എന്ന പേരിൽ പാവപ്പെട്ടവർക്ക് പൊതിച്ചോറ് വിതരണം ചെയ്തു.
* തൃശൂർ അതിരൂപത ബെസ്റ്റ് മോഡൽ യൂണിറ്റിൽ മൂന്നാം സ്ഥാനവും മറ്റം ഫൊറോനയിൽ ഒന്നാം സ്ഥാനവും നേടി.
* ലോക സി.എൽ.സി. ദിനാഘോഷത്തോടനുബന്ധിച്ച് മാർച്ച് 15ന് ഫൊറോനയിൽ നിന്നും മാർച്ച് 29ന് അതിരൂപതയിൽ അഭിവന്ദ്യ പിതാക്കന്മാരിൽ നിന്നും ട്രോഫികൾ ഏറ്റുവാങ്ങി.
* മാർച്ച് 31ന് ഉയിർപ്പ് തിരുനാളിനൊരുക്കമായി കനകമല തീർത്ഥാടനം നടത്തി.
* വനിതാ ദിനത്തോടനുബന്ധിച്ച് ഇടവകയിലെ വനിതകളെ ആദരിച്ചു.
* വലിയ നോമ്പിന് ഒരുക്കമായി എല്ലാദിവസവും സുകൃതജപവും പുണ്യപ്രവൃത്തിയും സംഘടനാംഗങ്ങൾ പറയുന്ന വീഡിയോ പങ്കുവെച്ചു.

**ജൂനിയർ സി.എൽ.സി.**

* മാർച്ച് 1ന് തണ്ണീർക്കുടം എന്ന പദ്ധതിയിലൂടെ വേനൽക്കാലത്ത് പക്ഷികളും ദാഹം അകറ്റാൻ ഓരോ യൂണിറ്റ് പ്രതിനിധികൾക്ക് അതിനാവശ്യമായ സാമഗ്രികൾ നൽകാൻ നേതൃത്വം നൽകി.
* മാർച്ച് 29ന് ഓശാന തിരുകർമ്മങ്ങൾക്കും കുരുത്തോല പ്രദക്ഷിണത്തിനും ഓശാന നൃത്താവിഷ്കാരത്തിനും പാവപ്പെട്ടവർക്ക് പൊതിച്ചോറ് നൽകുന്നതിനും നേതൃത്വം നൽകി.

**ഗായകസംഘം**

* മാർച്ച് 6ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി

**ജീസ്സസ് യൂത്ത്**

* മാർച്ച് 6ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.
* മാർച്ച് 11ന് പാതിനോമ്പ് ദിനത്തോടനുബന്ധിച്ചുള്ള ആരാധനയ്ക്കും കുമ്പസാരത്തിനും നേതൃത്വം നൽകി.

**മാതൃവേദി**

* ഉയിർപ്പ് തിരുനാളിനൊരുക്കമായി മാർച്ച് 14ന് 7 പള്ളികൾ സന്ദർശനം നടത്തി.
* മാർച്ച് 20ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.
* കുരിശോത്സവ സമാപനത്തോടനുബന്ധിച്ച് മാർച്ച് 29ന് കുരിശോത്സവ പ്രദക്ഷിണത്തിന് നേതൃത്വം നൽകി.

**കെ.എൽ.എം.**

* മാർച്ച് 13ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.
* മാർച്ച് 19ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബ്ധിച്ചുള്ള വി. കുർബാനയ്ക്കും, നേർച്ച വിതരണത്തിനും കാരുണ്യ സമർപ്പണത്തിനും കെ.എൽ.എം. പതാകവന്ദനത്തിനും നേതൃത്വം നൽകി.
* മാർച്ച് 31ന് വണക്കമാസം കാലംകൂടൽ ജോസഫ് നാമധാരികളും കാഴ്ച സമർപ്പണം, ജോസഫ് നാമധാരികൾക്ക് ആദരം നൽകൽ എന്നിവയ്ക്ക് നേതൃത്വം നൽകി.

**കത്തോലിക്കാ കോൺഗ്രസ്സ്**

* മാർച്ച് 20ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.
* മാർച്ച് 27ന് മലയാറ്റൂർ തീർത്ഥാടനത്തിന് നേതൃത്വം നൽകി.

**കെ.സി.വൈ.എം.**

* മാർച്ച് 13ന് പാലയൂർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.

**അൾത്താരസംഘം**

* മാർച്ച് 29ന് കുരിശോത്സവ സമാപനത്തോടനുബന്ധിച്ച് കുടുംബകൂട്ടായ്മകളിൽ കുരിശോത്സവ വി. കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു.
* കുരിശോത്സവ പ്രദക്ഷിണത്തിനും വി. കുരിശ് സമർപ്പണത്തിനും നേതൃത്വം നൽകി.

**തിരുബാലസഖ്യം**

* വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച തുക ജുവനൈൽ ഹോമിലെ കുട്ടികൾക്കായി നൽകി.
* ഓശാന ഞായറാഴ്ചയോടനുബന്ധിച്ച് വി. കുരിശിലേക്ക് വചനമാല സമർപ്പണവും ആരാധന കിറ്റ് വിൽപ്പനയും ഓശാന സമർപ്പണവും നടത്തി.

# ഇടവക ആൽബം

## വിശ്വാസ പരിശീലന അധ്യയന വർഷ സമാപനം & ഉണർവ് സെമിനാർ



## വനിതാ ദിനാചരണം



## വചനമാല സമർപ്പണം



## ലോക സി.എൽ.സി. ദിനം



# ഇടവക ആൽബം

തണ്ണീർക്കുടം 2026



ഇടവക നവീകരണ വാർഷിക ധ്യാനം



# ഇടവക ആൽബം

## പാലയൂർ മഹാതീർത്ഥാടനം



## ഓശാന മന്ന



## ഓശാന ഞായർ



## കുരിശോത്സവ പ്രദക്ഷിണം



ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .................................... ഫോൺ നമ്പർ :..............................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Hanna Charles E., Class : V, St. Thomas Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)




പേര് : ...................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: .......................................... ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ആഞ്ചലോ റോബിൻ**

Std :III, St. Thomas Kudumbakoottayma

*"ദേ ഈ പോസ് മതിയോ,*
*കേരള സംസ്ഥാനത്തിന്റെ ലോഗോ ഉണ്ടാക്കാൻ !!!"*

*വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്

# വചന കലണ്ടർ

## ഏപ്രിൽ 2026 APRIL

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **01**<br>ഉത്പ 45:3 – 5<br>ജെറ 20:7 – 13<br>2 കോറി 5:1 – 10<br>യോഹ 12:20 – 36 | **02**<br>പുറ 12:1 – 14, 21 – 28<br>ഏശ 45:18 – 25<br>1 കോറി 5:6 – 8, 11:23 – 30<br>ലൂക്കാ 22:7 – 13<br>യോഹ 13:1 – 15<br>ലൂക്കാ 22:15 – 21 | **03**<br>ഉത്പ 22:1 – 19<br>ഏശ 53:1 – 12<br>ശ്ലീഹ 8:26 – 39<br>ലൂക്കാ 22:63 – 23:12<br>മത്താ 27:19 | **04**<br>നിയ 34:1 – 9<br>യോന 1:1 – 17<br>ഹെബ്രാ 6:1 – 8<br>മത്താ 27:62 – 66 |
| **05**<br>ഏശ 60:1 – 7<br>1 സാമു 2:1 – 10<br>റോമാ 5:20 – 6:23<br>മത്താ 28:1 – 6 | **06**<br>ജ്ഞാനം 6:12 – 19<br>ജെറ 31:10 – 14<br>1 കോറി 15:23 – 28<br>യോഹ 20:11 – 23 | **07**<br>1 ദിന 22:7 – 13<br>സഭ 8:11 – 17<br>കൊളോ 1:15 – 22<br>യോഹ 14:25 – 31 | **08**<br>ഉത്പ 28:10 – 19<br>തോബി 12:15 – 22<br>ശ്ലീഹ 9:1 – 15<br>ലൂക്കാ 24:13 – 35 | **09**<br>പുറ 33:7 – 11<br>ഏശ 40:27 – 31<br>വെളി 1:10 – 18<br>ലൂക്കാ 24:36 – 43 | **10**<br>ദാനി 3:14 – 28<br>ശ്ലീഹ 6:8 – 15+7:54 – 60<br>ഹെബ്രാ 11:1 – 6, 32 – 39<br>ലൂക്കാ 12:1 – 9 | **11**<br>2 കോറി 3:4 – 11<br>ലൂക്കാ 24:44 – 28 |
| **12**<br>ലേവ്യ 26:1 – 13<br>ഏശ 44:1 – 18<br>1 യോഹ 1:1 – 4<br>യോഹ 20:24 – 31 | **13**<br>ഹെബ്രാ 10:19 – 25<br>മത്താ 8:1 – 4 | **14**<br>റോമാ 3:27 – 31<br>മത്താ 8:5 – 13 | **15**<br>റോമാ 4:13 – 25<br>മത്താ 9:18 – 26 | **16**<br>റോമാ 5:1 – 5<br>മത്താ 15:21 – 28 | **17**<br>യാക്കോ 5:13 – 20<br>ലൂക്കാ 5:17 – 26 | **18**<br>ഗലാ 2:15 – 21<br>യോഹ 9:35 – 41 |
| **19**<br>പുറ 3:1 – 12<br>എസെ 34:20 – 26<br>എഫേ 4:7 – 16<br>യോഹ 21:15 – 19 | **20**<br>1 യോഹ 2:1 – 6<br>യോഹ 17:20 – 26 | **21**<br>1 തിമോ 1:18 – 19<br>2:1 – 7<br>ലൂക്കാ 22:24 – 32 | **22**<br>കൊളോ 3:12 – 17<br>ലൂക്കാ 1:46 – 56 | **23**<br>എഫേ 6:1 – 9<br>മത്താ 20:17 – 28 | **24**<br>2 തിമോ 2:22 – 26<br>മത്താ 24:45 – 51 | **25**<br>വെളി 3:15 – 22<br>യോഹ 10:14 – 16<br>22 – 30 |
| **26**<br>ജോഷ്വ 1:1 – 9<br>2 ദിന 15:1 – 7<br>2 കോറി 13:5 – 10<br>മത്താ 28:16 – 20 | **27**<br>വെളി 21:1 – 7<br>യോഹ 14:15 – 24 | **28**<br>1 കോറി 3:18 – 23<br>മർക്കോ 3:13 – 19 | **29**<br>ഫിലി 1:21 – 25<br>യോഹ 1:35 – 42 | **30**<br>കൊളോ 1:24 – 29<br>യോഹ 6:52 – 59 | **01**<br>2 കോറി 5:14 – 20<br>യോഹ 3:1 – 12 | **02**<br>റോമാ 11:25 – 32<br>മത്താ 18:10 – 14<br>മത്താ 10:23 – 28 |

വിശ്വാസയാത്രയിലെ പ്രധാന നാഴികക്കല്ലായ
ആദ്യ കുർബാന ശുശ്രൂഷ
കൈക്കൊള്ളുന്ന കുഞ്ഞുങ്ങൾക്കായ്
പുളിമൂട്ടിൽ സിൽക്സ് തൃശൂർ ഒരുക്കുന്ന




# HOLY COMMUNION DRESS COLLECTIONS

Pulimoottil SILKS

**PALACE ROAD, THRISSUR**
0487-2335524 +91-90484 34488
THIRUVALLA | KOCHI | KOTTAYAM | THODUPUZHA | KOLLAM | PALA
WWW.PULIMOOTTILONLINE.COM

K




Published by : Chief Editor, Touchme, Kunnamkulam - for Private Circulation only   Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM